"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം, ഊരകം ഗ്രാമപഞ്ചായത്തിലെ കുറ്റാളൂർ സബാഹ് സ്ക്വയറിൽ 2025 ജനുവരി 27 മുതൽ ഫെബ്രുവരി 27 വരെ നടന്ന ഫുട്ബോൾ ടൂർ ണമെന്റിനു വിനോദ നികുതിയിൽ 20% ഇളവ് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പ്**

സ.ഉ.(സാധാ) നം.756/2025/LSGD തീയതി,തിരുവനന്തപുരം, 21-03-2025

---

പരാമർശം:- 1. ഊരകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.01.2025 ലെ അപേക്ഷ

2. ഊരകം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 27/01/2025 തീയതിയിലെ 02(1) നമ്പർ തിരുമാനം

**ഉത്തരവ്**

2025 ജനുവരി 27 മുതൽ ഫെബ്രുവരി 27 വരെ മലപ്പുറം, ഊരകം ഗ്രാമപഞ്ചായത്തിലെ കുറ്റാളൂർ സബാഹ് സ്ക്വയറിൽ ഫുട്ബോൾ ടൂർണമെന്റ് നടത്തി വരികയാണെന്നും വൃക്കരോഗികളുടെ ചികിത്സയ്ക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും വേണ്ടി ധനശേഖരാണർത്ഥമാണ് ടൂർ ണ്ണമെന്റ് സംഘടിപ്പിക്കുന്നതെന്നും മേൽ സാഹചര്യത്തിൽ പ്രസ്തുത ടൂർണ്ണമെന്റിനെ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കണമെന്നും ഊരകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ഈ വിഷയം പരിഗണിച്ച ഊരകം ഗ്രാമപഞ്ചായത്ത് ഭരണ സമിതി സർക്കാർ അനുമതിക്ക് വിധേയമായി വിനോദ നികുതി ഒഴിവാക്കുന്നതിന് പരാമർശം 2 പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വൃക്കരോഗികളുടെ ചികിത്സയ്ക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും വേണ്ടി ധനശേഖരാണർത്ഥമാണ് ടൂർണമെന്റ് സംഘടിപ്പിക്കുന്നതെന്ന പരാമർശം ഒന്നിലെ പ്രസിഡന്റിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലും ഈ വിഷയത്തിന്മേൽ പരാമർശം രണ്ട് പ്രകാരം ഊരകം ഗ്രാമപഞ്ചായത്ത് ഭരണസമിതി കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ഊരകം ഗ്രാമപഞ്ചായത്തിലെ കുറ്റാളൂർ സബാഹ് സ്ക്വയറിൽ 2025 ജനുവരി 27 മുതൽ ഫെബ്രുവരി 27 വരെ നടന്ന ഫുട്ബോൾ ടൂർണ്ണമെന്റിന് ഈടാക്കുന്ന വിനോദ നികുതിക്ക്, വിനോദ നികുതി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കേണ്ടത് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, Kerala Local Authorities Entertainments Act 1961, Section 7 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് 20% ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ഊരകം ഗ്രാമപഞ്ചായത്ത്, മലപ്പുറം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് & എ&ഇ), തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപ്പൂരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഐ & പി. ആർ.ഡി - വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
Date: 22-03-2025 12:07:11

സെക്ഷൻ ഓഫീസർ